# കുറ്റിപ്പുറം പാലം പുരുഷാധിപത്യ ചിഹ്നം

പി. സോമൻ

ഭാഷ ചിഹ്നവ്യവസ്ഥയാണെന്ന് ഘടനാവാദികൾ. അപ്പോൾ ഭാഷയ്ക്കുള്ളിലെ ഭാഷയായ കവിതയോ? ചിഹ്നവ്യവസ്ഥയ്ക്കുള്ളിലെ മറ്റൊരു ചിഹ്നവ്യവസ്ഥ. അത്തരത്തിൽ വായിക്കുമ്പോൾ ഇടശ്ശേരി ഗോവിന്ദൻനായരുടെ കുറ്റിപ്പുറം പാലം ചരിത്രസൂചനകൾ നിറഞ്ഞ ഒരു ചിഹ്നവ്യവസ്ഥയായി അനുഭവപ്പെടുന്നു. പാലം എന്നത് നീരൊഴുക്കിന് മീതെയുള്ള നടപ്പാതയായതിനാൽ 'കുറ്റിപ്പുറം' എന്ന സംജ്ഞ നദിയെസൂചിപ്പിക്കുന്നു. പാലവും നദിയും പ്രാചീനകാലം മുതൽക്കേ അർഥാന്തരങ്ങളിലേക്കു സഞ്ചരിക്കുന്ന ചിഹ്നങ്ങളാണ്.

## നദി

സ്ത്രീചിഹ്നമാണ് നദി; പ്രത്യേകിച്ചും മാതൃബിംബം. നദീജലപ്രവാഹം ജീവിതാനുസ്യൂതിയെയും പുനർജന്മത്തെയും കുറിക്കുന്നു. അത് ആദിജലത്തിന്റെ പ്രതീകമായതിനാൽ നദിയിൽനിന്നു ജനിക്കുകയും നദിയിലേക്കു മടങ്ങുകയും (രാമായണത്തിൽ ശ്രീരാമൻ സരയൂ നദിയിൽ മുങ്ങിമരിച്ച് അവതാരം അവസാനിപ്പിക്കുന്നു) ചെയ്യുക എന്നത് അമ്മയിൽനിന്നും ജനിച്ച് അമ്മയിലേക്കു മടങ്ങി പോകലാണ്. അതുകൊണ്ടു നദി ജീവിതവും മരണവുമാകുന്നു. നദിയുടെ ഒരു കര ജീവിതവും മറുകര മരണമോ മരണാനന്തരാവസ്ഥയോ ആണെന്ന് സങ്കല്പിക്കപ്പെടുന്നുണ്ട്. നദികൾ പാതാളത്തിലേയ്ക്കു ഒഴുകിപ്പോകുന്നു എന്ന വിശ്വാസം കൊണ്ടാണ് പരേതാത്മാക്കളുടെ ശാരീരികാവശിഷ്ടങ്ങൾ നദിയിൽ (ജലത്തിൽ) ഒഴുക്കുന്നത്. നദി പുനർജന്മത്തിന്റെ പ്രതീകമായതിനാൽ അവർ പുനർജനിക്കുമെന്ന വിശ്വാസവും നിലവിലുണ്ട്. കവിതയിൽ നദികൾ സ്ത്രീ ചിഹ്നങ്ങളാണ്. കാളിദാസൻ മേഘസന്ദേശത്തിൽ നദികളെ കാമുകീബിംബങ്ങളാക്കി വർണിക്കുന്നു. നദിയുടെ ചലനങ്ങളിൽ സ്ത്രീയുടെ ചലനങ്ങളും ഭാവങ്ങളും ദർശിക്കുക എന്നത് കവികൾക്ക് പ്രിയപ്പെട്ട വർണനാരീതിയായിരുന്നു. കാലപ്രവാഹം, തലമുറസങ്കല്പം എന്നിവ നദി സങ്കല്പവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒപ്പം സ്വച്ഛന്ദ പ്രവാഹം സ്വാതന്ത്ര്യത്തെയും കുറിക്കുന്നു.

## പാലം

ഫോക്‌ലോർ വിശ്വാസങ്ങളിലും മനുഷ്യമനസ്സിലും നിലനിന്നുപോരുന്ന ആദിരൂപമാണ് പാലം. മനശ്ശാസ്ത്രം അതിനെ പുരുഷലൈംഗികതയുമായി ബന്ധിപ്പിക്കുന്നു. നദി സ്ത്രീയുടെ (മാതാവിന്റെ) ചിഹ്നമായതിനാൽ അതിന്റെ മീതെ പണിയുന്ന പാലം (നദിയുടെ കരകളെ ബന്ധിപ്പിക്കുന്നതുകൊണ്ട്) സ്ത്രീയുടെ മേലുള്ള ലൈംഗികാധിപത്യമായും വേഴ്ചയായും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. നദി മാതാവായതിനാൽ പുത്രനായ മനുഷ്യന്റെ പാലനിർമാണം മാതാവിന്റെ മേലുള്ള നിയന്ത്രണമാണ്. പാലം പുരുഷാധിപത്യത്തിന്റെയും സ്ത്രീയെ കീഴടക്കലിന്റെയും ബന്ധനത്തിന്റെയും ചിഹ്നമാണ്. മറുകരയിലെത്താനുള്ള ആകാംക്ഷ പുനഃസമാഗമത്തിനുള്ള അഭിവാഞ്ഛയായും ഭൂതകാലത്തിലേയ്ക്കും ഗർഭപാത്രത്തിലേയ്ക്കുമുള്ള മടക്കയാത്രയായുമൊക്കെ വിവരിക്കപ്പെടുന്നുണ്ട്.

പാലം പുരുഷശക്തിയെക്കുറിക്കുന്നു. പാലത്തിനു മുകളിലുള്ള ആരോഹണവും കടന്നുപോകലും കുതിരസവാരിക്കു തുല്യമാണ്. 'പോന്റിഫ്' എന്ന പദത്തിന് 'കുതിര' എന്നും 'പാലം നിർമാതാവ്' എന്നും അർഥമുണ്ട്. കുതിര പുരുഷശക്തിയെ സൂചിപ്പിക്കുന്നതിനാൽ നദിക്കുമുകളിലൂടെയുള്ള പാലം സ്ത്രീയുടെ മേലുള്ള പുരുഷാധിപത്യമാണ്. ഒരു സാമൂഹിക വ്യവസ്ഥയിൽനിന്ന് മറ്റൊരു സാമൂഹിക വ്യവസ്ഥയിലേക്കുള്ള പരിവർത്തനമായും പാലമെന്ന ചിഹ്നത്തെ വ്യാഖ്യാനിക്കാം. ഉദാ: മാതൃദായത്തിൽനിന്നും പിതൃദായക്രമത്തിലേക്കുള്ള മാറ്റം. അല്ലെങ്കിൽ ഗ്രാമീണതയിൽനിന്നും നാഗരികതയിലേക്കുള്ള പരിവർത്തനം. അങ്ങനെ പാലം സംക്രമണത്തിന്റെയും അവസ്ഥാമാറ്റത്തിന്റെയും ചിഹ്നമായിത്തീരുന്നു. അത് വിജയചിഹ്നമാകാം. രാമായണത്തിലെ ലങ്കയിലേക്കുള്ള കടൽപാലം വിജനമാണ്. നിരോധിച്ച മേഖലയിലേയ്ക്കുള്ള പാലമെന്നത് അഗമ്യഗമന രതിയുടെയും കീഴടക്കലിന്റെയും വിമോചനത്തിന്റെയുമൊക്കെ അർഥം ആവഹിക്കുന്നു. നദിയും കടലും കാലചിഹ്നങ്ങളായതിനാൽ സ്ഥലകാല നിയന്ത്രണങ്ങൾ കൂടിയാണ് പാലങ്ങൾ.

പാലത്തിന് മതപരവും അനുഷ്ഠാനപരവുമായ അർഥതലങ്ങളുണ്ട്. ജീവിതത്തിൽനിന്നും മരണനദിയുടെ മുകളിലുള്ള പാലം കടന്നുവേണം അതീത ലോകത്തിന്റെ മറുകരയിലെത്തേണ്ടത്. പാലത്തെ അന്തിമവിധിയായും സങ്കല്പിക്കുന്നുണ്ട്. ഇഹലോകജീവിതത്തിൽ ദുഷ്ചെയ്തികൾ ചെയ്തവർ പരലോകയാത്രയ്ക്കിടയിൽ വച്ച് പാലം തകർന്ന് നരകത്തിൽ പതിക്കുമെന്ന വിശ്വാസം പല മതങ്ങളും വച്ചു പുലർത്തുന്നു. നദിക്കു ദേവതാത്വം കല്പിച്ചിരിക്കുന്നതിനാൽ (നല്ല മാതാവ്/കറുത്തമാതാവ്) പാലം കെട്ടുമ്പോൾ അവൾ കോപിഷ്ഠയായിത്തീരുന്നു. കറുത്ത മാതാവായി (രൗദ്രമാതാവ്)ത്തീരുന്ന നദിയെ തൃപ്തിപ്പെടുത്താനും പാലം ഉറച്ചുനിൽ

ക്കാനും വേണ്ടി പഴയകാലത്ത് നരബലി നടത്തിയിരുന്നു. ഒരു സൈബീരിയൻ നാടോടിക്കഥയിൽ പന്ത്രണ്ടുശില്പികൾ ഒരു പാലം പണിയുകയായിരുന്നു. അവർ എത്ര ശ്രമിച്ചിട്ടും പാലം ഉറയ്ക്കുന്നില്ല. ഒടുവിൽ മുഖ്യശില്പി പറയുന്നു. അവർക്ക് ആഹാരവുമായി വരുന്ന ആദ്യത്തെ സ്ത്രീയെ (അവരുടെ പത്നിമാരാണ് ആഹാരം കൊണ്ടുവന്നിരുന്നത്) പാലത്തിന്റെ ഉറപ്പിനു വേണ്ടി ബലികൊടുക്കാമെന്ന്. പക്ഷേ, ആദ്യം വന്നത് അയാളുടെ തന്നെ പ്രിയതമയായിരുന്നു. പ്രതിജ്ഞയനുസരിച്ച് പാലത്തിനുവേണ്ടിതീർത്ത കിടങ്ങിലേക്ക് മുഖ്യശില്പി തന്റെ പ്രിയതമയെ ഇറക്കിനിറുത്തി പാലത്തിന്റെ തൂണുകൾ ഉറപ്പിച്ചു. ലോകപ്രസിദ്ധമായ 'London Bridge is falling down' എന്ന നഴ്സറി ഗാനത്തിന്റെ പിന്നിലും ഇത്തരം ഒരു കഥയുണ്ടത്രെ. ലണ്ടൻപാലം ഉറപ്പിക്കാൻ വേണ്ടി പാലം പണിക്കുള്ള കല്ലുകളിൽ കൊച്ചുകുട്ടികളുടെ ചോര വീഴ്ത്തിയിരുന്നു. പാലം ഉദ്ഗ്രഥനത്തിന്റെയും സമന്വയത്തിന്റെയും വിഷമസന്ധികളുടെ പരിഹാര മാർഗത്തിന്റെയും പ്രതീകമായും കണക്കാക്കപ്പെടുന്നുണ്ട്. നദിയെ അണകെട്ടി തടയുക എന്നതും സ്ത്രീയെ ലൈംഗികമായി അടിമയാക്കുന്നതിന്റെ അടയാളമാണ്. അതിലൂടെ അവളുടെ ജീവിതത്തെ (കൃഷിക്കായി സന്താനാഭിവൃദ്ധിക്കായി) തിരിച്ചു വിടുന്നു. അത് അവരുടെ ജീവിതവും മരണവുമായിത്തീരുന്നു.

## കുററിപ്പുറം പാലം

കുട്ടിക്കാലം മുതൽക്കേ സുപരിചിതമായ കുററിപ്പുറം കടവിൽ പാലം വന്നപ്പോൾ അതിലൂടെ നടന്നു പുഴ കടന്നപ്പോൾ ഇടശ്ശേരിക്കുണ്ടായ അദ്ഭുതവും ആഹ്ലാദവും വിമ്മിട്ടവുമാണ് കുറ്റിപ്പുറം പാലം എന്ന കവിത. നദി മാതൃബിംബമായതിനാൽ പഴയ മരുമക്കത്തായത്തിലെ സ്ത്രീ സ്വാതന്ത്ര്യത്തിന് മേൽ (ഇടശ്ശേരി മരുമക്കത്തായത്തറവാട്ടിലെ അംഗമായിരുന്നു) പുരുഷാധിപത്യദായക്രമം നേടിയ വിജയാഘോഷം കൂടിയാണ് ആധുനികതയുടെ പ്രതീകമായ കുറ്റിപ്പുറംപാലം. (സൗമ്യഭാവത്തിലും രൗദ്രഭാവത്തിലും വർത്തിച്ചിരുന്ന കാവിലെപ്പാട്ടിലെ അമ്മദൈവത്തിന്റെ മേൽ മർത്യത നേടിയ വിജയഗാഥയുടെ മറ്റൊരു തലം)

“അഭിമാനപൂർവം ഞാനേറിനിൽപാ-
ണടിയിലെശ്ശോഷിച്ച പേരാർനോക്കി”

കുട്ടിക്കാലത്ത് പ്രകൃതിയുമായുള്ള ബന്ധം സമന്വയത്തിന്റെയും സൗഹൃദത്തിന്റേതുമായിരുന്നു. പ്രകൃതിയാകുന്ന പെങ്ങളോട് ഇണങ്ങി (പെങ്ങൾ മാതൃബിംബമാണ്. പ്രത്യേകിച്ചും മരുമക്കത്തായത്തറവാട്ടിൽ) പൂത്തമരത്തിന്റെ ചോട്ടിലിരുന്ന് പൂമാലകോർത്തും പല്ലാങ്കുഴി കളിച്ചും രസിക്കുന്ന ആങ്ങളയെപ്പോലെ നദിയോടു സല്ലപിച്ചിരുന്നു.

“പൂഴിമണലതിൽപ്പണ്ടിരുന്നു
പൂത്താങ്കോലേറെക്കളിച്ചതല്ലേ?
കുളിരോലുമോളത്തിൽ മുങ്ങിമുങ്ങി-
ക്കുളിയും ജപവും കഴിച്ചതല്ലേ?”

കുട്ടിക്കാലത്ത് പ്രകൃതിയുമായുണ്ടായിരുന്ന താദാത്മ്യം അക്ഷരവിദ്യാലബ്ധിയോടെ നഷ്ടമായി. അക്ഷരവിദ്യയെന്നത് സാങ്കേതികവിദ്യയാണ്; പ്രത്യക്ഷാർഥത്തെ തിരസ്കരിക്കുന്ന ചിഹ്നവ്യവസ്ഥയാണ്. അത് പഠിക്കുന്നതോടെ, സാങ്കേതികജ്ഞാനിയാകുന്നതോടെ മനുഷ്യന് പ്രകൃതിയുടെ ഭാഷ നഷ്ടമാകുന്നു. സ്കൂളിൽ പോയി അഭ്യസ്തവിദ്യനാകുന്നതോടെ നാട്ടറിവും കൈമോശം വരുന്നു.

“നീ പോയ്പഠിച്ചുവരുമ്പോഴേയ്ക്കും
നിങ്ങളന്യോന്യം മറന്നിരിക്കും
പോയി നാമിത്തിരിവ്യാകരണം
വായിലാക്കീട്ടുവരുന്നു മന്ദം
നാവിൽ നിന്നെപ്പോഴേ പൊയ്ക്കഴിഞ്ഞു
നാനാജഗന്മനോരമ്യഭാഷ” (പള്ളിക്കൂടത്തിലേക്കു വീണ്ടും) സാങ്കേതികവിദ്യ പ്രകൃതിയെ കീഴടക്കാനുള്ള ജ്ഞാനമായിത്തീരുകയാണ്. ചിഹ്നഭാഷയെന്നത് പുരുഷാധിപത്യത്തിന്റെ, ലൈംഗികാധിനിവേശത്തിന്റെ വ്യവഹാരമാണ്. പാലം നാഗരിക സംസ്കൃതിയുടെയും സാങ്കേതികവിദ്യയിലൂടെയുള്ള പ്രകൃതിനിയന്ത്രണത്തിന്റെയും പ്രവർത്തനഫലമായി ഉയർന്നവരുന്നു. പ്രകൃതിയെന്ന (നദിയെന്ന) സ്ത്രീയുടെ മേലുള്ള പുരുഷാധിപത്യമാണ്; ലൈംഗികാധിപത്യമാണ് പാലം. പേരാറിന്റെ പൂഴിമണലിലിരുന്ന് പൂത്തോങ്കോലേറെക്കളിച്ചനാളിൽ പേരാറിന്റെ ഭാഷയും പ്രകൃതിയുടെ ‘നാനാജഗന്മനോരമ്യമായ ഭാഷയും’ വശമായിരുന്നു. എന്നാൽ പാലം പണിഞ്ഞതോടെ നദി അടിമയും മനുഷ്യൻ ഉടമയുമായി, കീഴടക്കലിന്റെ അഭിമാനത്തോടെ അടിയിൽ ശോഷിച്ച പേരാർ നോക്കി കവി പാലത്തിൽ കയറി നിൽക്കുന്നു. മനുഷ്യവീര്യത്തിന്റെ മഹത്വപ്രഖ്യാപനമായി (മർത്യവീര്യമീഅദ്രിയെവെല്ലും - വൈലോപ്പിള്ളിയുടെ പ്രയോഗം) ഇതിനെ കണക്കാക്കാം. അധികാരത്തിന്റെ ആകാശത്തിൽ കയറിനിൽക്കുകയാണ് അഭിമാനബോധം

“പൊന്മയും കുരുവിയും കൊക്കുമന്നു
പൊങ്ങിപ്പറന്ന വിതാനത്തിങ്കൽ

അഭിമാനപൂർവം ഞാനേറിനിൽപാ-
ണടിയിലെ പ്പേരാറുനോക്കി നോക്കി"

സ്വതന്ത്രയായിരുന്ന നദിയെ (പ്രകൃതി/സ്ത്രീ) സാങ്കേതികവിദ്യ അധീനപ്പെടുത്തിയിരിക്കുന്നു. സ്ത്രീയുടെ അടിമത്തത്തിലാണ് പുരുഷന്റെ അധികാരവും ആഹ്ലാദവും. പേരാറിന് പഴയതു പോലെ തടംകുത്തി പാഞ്ഞു നടക്കാനോ ഇരച്ചുപൊന്താനോ കഴിയുകയില്ല. ആനയ്ക്കുതോട്ടി പോലെ പാലം നിയന്ത്രണമായിത്തീരുന്നു.

"ചിരിവരുന്നുണ്ടതു ചിന്തിക്കുമ്പോ-
ളിനി നിയ്യിപ്പാലത്തിൻ നാട്ടനൂഴും"

അധിപന്റെ ചിരി ആധിപത്യത്തിന്റെ വിജയാഹ്ലാദമാണ്. അടിമയുടെ ചിരിയാകട്ടെ നിസ്സഹായ തയുടെയും. അങ്ങനെ ചിരിപോലും അധികാരചിഹ്നമായിത്തീരുന്നു. കീഴടക്കലും കീഴടങ്ങലു മായി മാറുന്നു.

കവി കൊച്ചുകുട്ടിയായിരുന്നപ്പോൾ ഗ്രാമപ്രകൃതി കളിക്കൂട്ടുകാരിയായിരുന്നു. എന്നാൽ, അവൻ മൂതിർന്നു നാഗരികനാകുന്നതോടെ ഗ്രാമപ്രകൃതി അന്യയായിത്തീരുകയാണ്. വ്യാകരണഭാഷ വായിലാക്കുന്നതോടെ (നാഗരികഭാഷ) ഗ്രാമവുമായി സംവദിക്കാനുള്ള ഭാഷ നഷ്ടപ്പെടുന്നു. വ്യാകരണമെന്നത് അധികാരത്തിന്റെയും വ്യവസ്ഥാപിതത്വത്തിന്റെയും ക്രമപ്പെടുത്തലിന്റെയു മൊക്കെ ചിഹ്നമാണ്. ഭാഷയുടെ 'ജഗന്മനോരമ്യത'യെ സ്വച്ഛന്ദ പ്രവാഹത്തെ (നദിയെപ്പോലെ) ബന്ധിപ്പിക്കുന്ന പാലമാണ് വ്യാകരണം. അതിന് കീഴിലൂടെ വിധേയമായിട്ടുമാത്രമേ ഭാഷാനദി ക്കു സഞ്ചരിക്കാൻ കഴിയൂ. വ്യാകരണത്തിൽ ലിംഗനിർണയവും ലിംഗവിവേചനവുമൊക്കെ പ്ര കടമാകുന്നു. അതുകൊണ്ട് വ്യാകരണ വ്യവസ്ഥകളെല്ലാം അധികാരവ്യവസ്ഥകളാണ്. കേരള ത്തിന്റെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം കുറ്റിപ്പുറം പാലത്തിന് കുടുംബവ്യവസ്ഥയുടെ ചരി ത്രസൂചന കൂടിയുണ്ട്. സ്ത്രീ പ്രാമാണ്യമുള്ള മരുമക്കത്തായത്തറവാടുകൾ തകർന്ന് സ്ത്രീയു ടെ മേൽ വ്യക്തിഗതകുടുംബമെന്ന പിതൃദായക്രമം (പാലം) സ്ഥാപിതമായതിന്റെ സൂചനകൂടി യാണ് ഈ കവിത. കാർഷിക കേരളത്തിന്റെ കുടുംബവ്യവസ്ഥയാണ് മരുമക്കത്തായ കൂട്ടുകു ടുംബവ്യവസ്ഥ. പഴയ കാർഷികവൃത്തിയും ഗ്രാമീണജീവിതവും കാവിലെ ഉത്സവങ്ങളും നാടൻ സംഗീതവുമെല്ലാം 'അകലുകയാണിവ മെല്ലെ മെല്ലെ. അണയുകയല്ലോ ചിലതു വേറെ' എന്ന് കു റ്റിപ്പുറം പാലത്തിലൂടെ തിരിച്ചറിയുന്നു. നാഗരികതയുടെ ഉപഭോഗസംസ്കാരം (അണയുകയ ല്ലോ ചിലത് വേറെ) പ്രകൃതിവിനാശത്തിന്റെയും, നദികളെയും ജലസ്രോതസ്സുകളെയും വിൽ ക്കുകയോ ശോഷിപ്പിക്കുകയോ ചെയ്യുന്ന ചൂഷണത്തിന്റെയും പുതുമുഖമാണ്. നാഗരികതയു ടെ അസുരവാഴ്ചയാണ് കുറ്റിപ്പുറം പാലത്തിലൂടെ സഞ്ചരിച്ചെത്തുന്നത്.

"അലരിന്മേൽവാഴ്ച തുടങ്ങുകയായ്
ശിലയും കരിയും സിമന്റുരുക്കും
അലറിക്കുതിച്ചിങ്ങുപായുകയായ്
ടയറും പെട്രോളും പകലിരവും."

നാഗരികതയുടെ വാഴ്ചയോടെ 'പിറവിതൊട്ടെൻ കൂട്ടുകാരിയാമമ്മധുരിമ തൂകിടും ഗ്രാമല ക്ഷ്മി' അവസാന യാത്ര പറഞ്ഞുപിരിയുകയാണ്. നദിയാകുന്ന തകർന്ന സ്ത്രീയുടെ മേൽ പു രുഷനാകുന്ന പാലത്തിന്റെ ആധിപത്യം ശക്തമായി ഉറയ്ക്കുന്നതോടെ അസംതൃപ്തിയും കലാ പവും കൊണ്ടു ജീവിതം കലുഷിതമായിത്തീരുന്നു.

"അറിയാത്തോർ തമ്മിലടിപിടികൾ.
അറിയാത്തോർതമ്മിൽ പ്പിടിച്ചുപൂട്ടൽ
അറിയാത്തോർത്തമ്മിലയൽപക്കക്കാർ.
അറിയുന്നോരെല്ലാരുമന്യനാട്ടാർ;"

പാലം ജനതതികളെ പരസ്പരം ബന്ധിപ്പിക്കുന്നു. ഗ്രാമത്തെ നഗരമാക്കുന്നു; നഗരത്തിന്റെ ഭാ ഗമാക്കുന്നു. പാലത്തിലൂടെ നാഗരികത ഗ്രാമത്തിനുമേൽ ഒരധിനിവേശ സംസ്കാരമായി കടന്നു വരുന്നു. നഗരം അപരിചിതരായ ആൾക്കൂട്ടങ്ങളുടെ ഇരമ്പലുകളാണ്. നദിയുടെ മറുകരയാണ് നഗരം. നദിക്കു മുകളിലൂടെ നഗരത്തിലേക്കു പാലം വരുന്നതോടെ നഗരത്തിന്റെ അഴുക്കുകൾ ഗ്രാമത്തിലെത്തുന്നു. നദിയെ (ഗ്രാമീണസ്ത്രീയെ) അഴുക്കുചാലാക്കി മാറ്റുന്നു. വേശ്യാവൃത്തി യും വേശ്യത്തെരുവുകളുമൊക്കെ നാഗരികതയിലെ അഴുക്കുചാലുകളാണ്. അത് ഗ്രാമത്തെ യും കെടുത്തുന്നു. സ്ത്രീയെ അഴുക്കുചാലാക്കുന്നതാണ് നാഗരികത. പാലമാകുന്ന പുരുഷാധി പത്യമാണ് നദിയെന്ന സ്ത്രീയെ അഴുക്കുചാലാക്കുന്നത്. നദിയുടെ സ്വയംരക്ഷയും നദീതീ രത്തെ ദൈവസാന്നിധ്യവുമൊക്കെ നഷ്ടമാകുന്നു.

"മല്ലൂർക്കയമിനിചൊല്ലുമാത്രം
മല്ലൂരെത്തേവർ തെരുവുദൈവം"

നദിയിലെക്കയങ്ങൾ നദിയെകീഴടക്കാൻ ഇറങ്ങുന്നവരെ ഭയപ്പെടുത്തിയിരുന്നു. എന്നാൽ, അവ പാലം വന്നതോടെ ഭയമല്ലാതായിത്തീർന്നു. നാഗരികതയും സാങ്കേതികവിദ്യയും മനുഷ്യത്വത്തെ ചോർത്തിക്കളയുന്നതോടെ മനുഷ്യൻ യന്ത്രസമാനനായിത്തീരുന്നു. പ്രകൃതിയെ കടന്നാക്രമിച്ച് നശിപ്പിക്കുന്നു.

"കളിയും ചിരിയും കരച്ചിലുമായ്
ക്കഴിയും നരനൊരു യന്ത്രമായാൽ
അംബ, പേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്"

കളിയും ചിരിയും കരച്ചിലും മാനവികതയുടെ കൊടിയടയാളങ്ങളാണ്. അതു നഷ്ടപ്പെട്ടാൽ മനുഷ്യൻ ഒരു പീഡനയന്ത്രമായിത്തീരും. സ്ത്രീയെ പീഡിപ്പിക്കുന്നതുപോലെ നദികളെ പീഡിപ്പിക്കും. സ്ത്രീകളെ കൊല്ലുന്നതുപോലെ മണൽവാരി നദികളെ കൊല്ലും. സ്ത്രീവാണിഭംപോലെ നദികളെയും വാണിഭം ചെയ്യും. സ്ത്രീപുരുഷ വേഴ്ചയുടെ ചിഹ്നമാണ് പാലം. അതുകൊണ്ട് പാലത്തിൽ കയറാനുള്ള ഭയം ലൈംഗികമായ അസ്വസ്ഥതകളുടെ പുറം പ്രകാശനമാണെന്ന് മനഃശാസ്ത്രം പറയുന്നു. പാലം പുരുഷലിംഗത്തിന്റെ പ്രതീകമായതിനാൽ പാലത്തോടുള്ള ഭയം പിതൃഭയമാണത്രെ. ആൺമ നഷ്ടപ്പെട്ടുപോകുമെന്ന (Castration Complex) ഭയവും അതിൽ അന്തർലീനമത്രെ. എന്തായാലും പാലം എന്നത് സംയോഗമാണ് (Union) നഗരവും ഗ്രാമവും തമ്മിൽ. (ഇരുകരകൾ തമ്മിൽ) അന്യനാടുകൾ തമ്മിൽ ബന്ധപ്പെടുന്നു.

"അറിയാത്തോർത്തമ്മിലയൽപക്കക്കാർ.
അറിയുന്നോരെല്ലാരുമന്യനാട്ടാർ!"

പാലത്തിലൂടെ കടന്നുവരുന്ന നാഗരികത പിതൃദായക്രമത്തിന്റെ സ്വകാര്യതയിലൂന്നുന്ന സ്വകാര്യവൽക്കരണത്തിന്റെ ആഗോളവൽക്കരണത്തിന്റെ വാഴ്ചയാണ്. അത് അപരിചിതമായ മററുള്ളവയുമായി നമ്മെ ബന്ധിപ്പിക്കുന്നുണ്ടെങ്കിലും സ്വന്തം കൂട്ടായ്മകളെ ശിഥിലമാക്കുന്നു. അന്യരാജ്യങ്ങളുടെ സംസ്കാരവും ഭാഷയും സാഹിത്യവുമൊക്കെ വ്യക്തമായറിയുമ്പോൾ അയൽപക്കനാടുകളിലെ സംസ്കാരവും ഭാഷയുമൊക്കെ നമുക്ക് അപരിചിതമാണ്. കുടുംബം എന്ന പാലം – അതിൽ അതിശക്തമായ ലൈംഗികതയെന്ന പാലം സ്ത്രീയെയും പുരുഷനെയും ബന്ധിപ്പിച്ചു നിറുത്തുന്നുണ്ടെങ്കിലും അവർ 'അറിയാത്തോർ തമ്മിലയൽപക്കക്കാർ' എന്ന അവസ്ഥയിൽത്തന്നെയാണ് ഇന്നും ജീവിച്ചുപോകുന്നത്.

സഹായഗ്രന്ഥങ്ങൾ

1. ഇടശ്ശേരി- ഇടശ്ശേരിയുടെ കവിതകൾ
2. Nieder land, G. William, River Symbolism (The Psycho-analytic Quarterly, Vol. 25, 1956.
3. Friedman, paul- The Bridge: A Study in Symbolism
(The Psycho analytic Quarterly, Vol. XXI No:1. 1952

ഗ്രന്ഥാലോകം ജൂലായ് 2004